**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3342** | **24.06.2013-ൽ മറുപടിയ്ക്ക്**

## നീന്തൽ മത്സരങ്ങൾ കാര്യക്ഷമമാക്കാൻ നടപടി

**ചോദ്യം**

**ശ്രീ.ജി.സുധാകരൻ**

(എ) കേരള സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്വിമ്മിംഗ് കോച്ചുകൾ, സ്വകാര്യ സ്വിമ്മിംഗ് പൂളുകളിലും പ്രൈവറ്റ് സ്കൂളുകളിലും അനധികൃതമായി പരിശീലനം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ പ്രവണത തടയാൻ നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാന, ജില്ലാ നീന്തൽ മത്സരങ്ങളും വാട്ടർ പോളോ മത്സരങ്ങളും നടത്തുമ്പോൾ ദേശീയ, അന്തർദേശീയ മത്സരങ്ങളിലേതുപോലെ വീഡിയോ റിക്കാർഡിംഗും ഫോട്ടോ ഫിനിഷിംഗും ടച്ചിംഗ് സ്ക്രീൻ സംവിധാനവും ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

**മറുപടി**

**ശ്രീ.ഉമ്മൻ ചാണ്ടി**
**(മുഖ്യമന്ത്രി)**

(എ) ഇല്ല, എന്നാൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള നീന്തൽ പരിശീലകർ കൗൺസിലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ നീന്തൽ കുളങ്ങളിലും, ക്ലബ്ബുകളിലും പ്രൈവറ്റ് സ്കൂളുകളിലും നീന്തൽ പരിശീലനം നൽകി വരുന്നുണ്ട്.

(ബി) സംസ്ഥാന, ജില്ലാ നീന്തൽ മത്സരങ്ങളിലും, വാട്ടർ പോളോ മത്സരങ്ങളിലും വീഡിയോ റിക്കാർഡിംഗും ഫോട്ടോ ഫിനിഷിംഗും ടച്ചിംഗ് സ്ക്രീൻ സംവിധാനവും ഏർപ്പെടുത്താൻ സംസ്ഥാന സ്വിമ്മിംഗ് അസോസിയേഷന് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ